# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/2417/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/2417/2022 തീയ്യതി: 13/01/2023

# കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-04-2022 മുതൽ 12-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.പി.ഹരി ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിബിൻ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഇ. ടി. രാധ | പ്രസിഡന്റ് | 01-04-2021 | 08-01-2022 |
| ശ്രീമതി. പ്രവിത. വി.പി. | പ്രസിഡന്റ് | 09-01-2022 | 31-03-2022 |
| ശ്രീ. വിനോദ് കുമാർ ടി.എം.. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് അഷ്കർ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് അനീസ് എം. | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| ശ്രീ. അമൽ എസ്.ഡി. | കൃഷി ഓഫീസർ | 06-05-2021 | 20-12-2021 |
| | | 23-03-2022 | 31-03-2022 |
| ശ്രീ. ഷബീർ അഹമ്മദ് കെ.എ. | കൃഷി ഓഫീസർ | 20-12-2021 | 22-03-2022 |
| ഡോ. മുഹമ്മദ് കമറുദ്ദീൻ | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ഷംസുദ്ദീൻ. കെ. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. സിബി രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീലത എൽ.പി. | ഹെഡ്മിസ്ട്രസ് ഇൻ ചാർജ്ജ്, ജി.എം.എൽ.പി. ആവള | 01-04-2021 | 19-12-2021 |
| ശ്രീമതി. ബിജ്ജന. എൻ. | ഹെഡ്മിസ്ട്രസ് ജി.എം.എൽ.പി. ആവള | 20-12-2021 | 31-03-2022 |
| ഡോ. സുഹാസ് കെ. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാജി കെ.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷൈജിത്ത്. ഐ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷീബ. എം.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിമ്മി. എം. കെ. | ഐ.സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് നവാസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി.റിജുല.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 9 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-8 |
| 10 | സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടത് അനിവാര്യം | 1-9 |
| 11 | ഭൂനികുതി യഥാസമയം ഒടുക്കുന്നില്ല. | 1-10 |
| 12 | പട്ടികജാതി കുടിവെള്ള പദ്ധതി - വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ശരിയായ നടപടിയല്ല. | 1-11 |
| 13 | ഒരേ ആവശ്യത്തിന് രണ്ട് പ്രാവശ്യം തുക നൽകി. | 1-12 |
| 14 | സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി | 1-13 |
| 15 | സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച പദ്ധതികൾ നടപ്പാക്കിയില്ല. | 1-14 |
| 16 | വനിതകൾക്ക് കരനെൽകൃഷി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 17 | വനിതാഘടക പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ. | 1-16 |
| 18 | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭിച്ചില്ല. | 1-17 |
| 19 | ഗ്രാമപഞ്ചായത്ത് ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പിലാക്കി. | 1-18 |
| 20 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി- മരുന്നുകൾ മുഴുവനായും ലഭിച്ചില്ല. | 1-19 |
| 21 | കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങൽ പദ്ധതി -നാളിതുവരെയായും മോട്ടോർ സ്ഥാപിച്ചില്ല. | 1-20 |
| 22 | കല്ലിൽ മീത്തൽ കുടിവെള്ള പദ്ധതി കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല . | 1-21 |
| 23 | വാല്യവേഷൻ പൂർത്തിയായിട്ടും ലേലം നടപടി പൂർത്തിയായിട്ടില്ല. | 1-22 |
| 24 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തില്ല | 1-23 |
| 25 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-24 |
| 26 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് | 1-25 |

| | | |
|---|---|---|
| | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | |
| 27 | പഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് ലേലം ചെയ്യാതെ പ്രവർത്തിക്കുന്നു. | 1-26 |
| ഭാഗം **2** | | |
| 1 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഭരണസമിതിയുടെ 19.2.21 ലെ 1/20 നമ്പർ തീരുമാനം പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4120564 | 16888870 |
| ആകെ വരവ് | 324845500 | 74716852 |
| ആകെ ചെലവ് | 326169180 | 70727479 |
| നീക്കിയിരിപ്പ് | 2796884 | 20878243 |

ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 24.04.2022 |

വാർഷിക കണക്ക് സമയബന്ധിതമായി എയിംസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അതിൽ ഉള്ളടക്കം ചെയ്യേണ്ടതായ എല്ലാ സ്റ്റേറ്റ്മെന്റുകളും എയിംസിൽ ഉൾപ്പെട്ടിട്ടില്ല .

താഴെ പറയുന്ന 2021-22 വർഷത്തെ സ്റ്റേറ്റ്മെന്റുകൾ അപ് ലോഡ് ചെയ്യുന്നതിന് പകരം 2020-21 വർഷത്തെ സ്റ്റേറ്റ്മെന്റ് ആണ് അപ് ലോഡ് ചെയ്തത്

1.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് .

2.ട്രയൽ ബാലൻസ് .

3. ഷെഡ്യൂൾ ഓഫ് ഇൻകം ആന്റ് എക്സ്പന്റീച്ചർ .

4.ഷെഡ്യൂൾ ഓഫ് റസീറ്റ് ആന്റ് പേമെന്റ് .

5.ഷെഡ്യൂൾ ഓഫ് ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റ് .

വാർഷിക കണക്ക് എയിംസിൽ സമർപ്പിക്കുമ്പോൾ അനുബന്ധമായി സമർപ്പിക്കേണ്ട രേഖകൾ തൻവർഷത്തേത് തന്നെയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Closing Stock-Stores എന്ന ശീർഷകത്തിൽ 14192/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2.അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , അഡ്വാൻസ് ടു അതേർസ് എന്ന ശീർഷകത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 1671436/-എന്നാണ് എന്നാൽ ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 1644686/- എന്നാണ് .

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, 340100101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 588060/- രൂപയാണ് വരവ് ,എന്നാൽ റെസീറ്റ് ആന്റ് പേമെന്റ് RP 34 ഷെഡ്യൂൾ പ്രകാരമുള്ള വരവ് 528504/- രൂപയാണ് .

4.Auction Deposit ഇനത്തിൽ തൻവർഷത്തെ വരവ് 10960/- (RP 34 )രൂപയും ചെലവ് 6360/-രൂപ കഴിച്ച് നീക്കിയിരിപ്പ് ( B7) 4600 യുമാണ് എന്നാൽ Auction Deposit എന്ന ഇനം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല .

5.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 340100201 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തൻവർഷത്തെ ചെലവ് 203400/- രൂപയാണ് എന്നാൽ ആയത് റസീറ്റ് ആന്റ് പേമെന്റ് ഷെഡ്യൂളിൽ (RP 34) ഉൾപ്പെട്ടിട്ടില്ല .

6.ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് -ഇനത്തിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ 2182651/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഹെഡ് കോഡ് | ഡെപ്പോസിറ്റ് ഇനം | മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 340100101 | Contractors Earnest Money Deposit | 900451 |
| 2 | 340100102 | Suppliers Earnest Money Deposit | 13925 |
| 3 | 340100103 | Bidders Earnest Money Deposit | 42655 |
| 4 | 340100201 | Contractors Security Deposit | 94900 |
| 5 | 340100203 | Bidders Security Deposit | 1200 |
| 6 | 340100301 | Contractors Retention | 360100 |
| 7 | 340100202 | Suppliers Security Deposit | 674505 |
| 8 | 340109901 | Other Deposit | 28565 |
| 9 | 340200102 | Auction Deposit | 4600 |
| 10 | 340200107 | Election Deposit | 49500 |
| 11 | 340800101 | Deposit Received From Others | 12250 |

മേൽ പ്രകാരമുള്ള ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

7.സംയുക്തപ്രൊജക്റ്റിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചത് 873000/- രൂപയാണ് എന്നാൽ RP 7 ഷെഡ്യൂൾ പ്രകാരം വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 735000/- എന്നാണ്.

8. വി.ഇ.ഒ. നിർവ്വഹണം ചെയ്ത പ്രൊജക്റ്റ് നം. 110/22 പ്രകാരം ചെലവുള്ള 186820/- രൂപ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രൊജക്റ്റ് നം. 150/22 പ്രകാരം ചെലവുള്ള 22413/- രൂപ എന്നീ ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,88,870 |
| വരവ് | 7,47,16,852 |
| ആകെ | 9,16,05,722 |
| ചെലവ് | 7,07,27,479 |
| നീക്കിയിരിപ്പ് | 2,08,78,243 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) (ACR പ്രകാരം) | 12511654 | 12511654 | 12442470 | 69184 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 8030339 | 8030339 | 7455584 | 574755 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 10122154 | 10122154 | 9924000 | 198154 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 5274878 | 5274878 | 3182557 | 2092321 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 4706990 | 4706990 | 3757486 | 949504 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന | 4039000 | 4039000 | 1599852 | 2439148 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 949945 | 949945 | 409985 | 539960 |

| | | | | |
|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന (പലിശ 41125) ഉൾപ്പടെ | 2733125 | 2733125 | 1647387 | 1085738 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|
| 167 | 116 | 35 | 16 | 69 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച 9 പദ്ധതികളിൽ 4 എണ്ണത്തിൽ മാത്രമാണ് ഓഡിറ്റ് വർഷം തുക ചെലവഴിക്കാനായി കഴിഞ്ഞത്. ഇക്കാരണത്താൽ കാർഷിക മേഖലയിൽ പദ്ധതികൾക്കായി വകയിരുത്തിയ 22,38,000 രൂപ വികസന ഫണ്ടിൽ 12,41,770 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. അതേ പോലെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി.പി.ഫണ്ട് വകയിരുത്തി രൂപീകരിച്ച കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ ഒന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. കുടിവെള്ള പദ്ധതികൾക്ക് മുൻകൂറായി മോട്ടോറുകൾ വാങ്ങിയിട്ടും പദ്ധതികൾ പ്രവർത്തനക്ഷമമാവാത്തതിൽ നിന്നും ഫണ്ട് ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തിൽ മോട്ടോർ, ടാങ്ക് എന്നിവ മുൻകൂട്ടി വാങ്ങൽ മാത്രമായി മേൽ പദ്ധതികൾ മാറി. അതേ പോലെ വനിതാ ഘടകപദ്ധതികളായി രൂപീകരിച്ച പദ്ധതികൾ പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ളവയല്ല.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12259600 | 721 |
| വിധവാപെൻഷൻ | 14073800 | 1888 |
| വാർദ്ധക്യകാലപെൻഷൻ | 24650700 | 1689 |
| വികലാംഗപെൻഷൻ | 4754000 | 311 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 295200 | 18 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 01 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 3750/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

1. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കു ന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരി ച്ചിട്ടില്ല

2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ ( 31.03.2022 ) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ/വ്യവസായാവശ്യങ്ങൾ ക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 1692 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | 12 |
| 2021-22 ൽ ആകെ അനുവക്കപ്പെട്ട 313 എഫ് ടി ഇ എ & ഒ എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 567 |
| ബാക്കി കെട്ടിടങ്ങളുടെ എണ്ണം | 1113 |

നാളിതുവരെ പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ബാക്കിയുള്ള 1113 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. മോട്ടോർ ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ചു

2021-22സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ&ഓ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ മോട്ടോർ ഫീസ് ഈടാക്കിയില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനം / തൊഴിലുടമയുടെ പേര് | കുതിര ശക്തി |
|---|---|---|---|
| 1 | 12/22 | പെർഫെക്ട് ഫർണി പാലസ്, പോക്കർ എൻ. | 30 HP |
| 2 | 13/138 A,B,C | ക്വാളിറ്റി ഹോളോബ്രിക്സ് & ഇന്റർലോക്ക്, ബുഷറ ഇസ്മയിൽ | 9.5 HP |
| 3 | 13/138 D | ക്വാളിറ്റി ഫ്ലോർ മില്ല്, സവാദ് സി.കെ. | 9.5 HP |
| | | ആകെ | |

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ഫീസ് (പഞ്ചായത്ത് -ചട്ടം 18,19 – പട്ടിക III ) മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മോട്ടോർ ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3.എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/2021-22 തിയതി 21.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഫീസ്, മോട്ടോർ ഫീസ് എന്നിവ അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

1-9 സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടത് അനിവാര്യം

തനതു വരുമാനം നാമമാത്രമുള്ള ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില പരിശോധിച്ചതിൽ തൻവർഷം 18,74,295 രൂപ കമ്മിയിലാണ് പഞ്ചായത്ത് എന്ന് ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്തുന്നു.

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2021-22 |
|---|

| ബാദ്ധ്യത | | ആസ്തി | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 1,23,86,528 | B12 | 10,000 |
| B5 | 47,07,214 | B14 | 14,192 |
| B7 | 21,82,651 | B15 | 4,59,206 |
| B9 | 58,01,421 | B17 | 2,08,78,243 |
| | | B18 | 18,41,878 |
| ആകെ | 2,50,77,814 | ആകെ | 2,32,03,519 |

മുകളിൽ വിവരിച്ച കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് 18,74,295 രൂപയുടെ ബാധ്യത ഉണ്ട് . തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജീവനക്കാരുടെ ജോലിവിഭജനം പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

14 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 4 ക്ലർക്കുമാരുടെ തസ്തികയാണ് ഉള്ളത് . രണ്ട് ക്ലർക്കിന് 3 വാർഡുകളുടെ ചുമതലയും രണ്ട് ക്ലർക്കിന് 4 വാർഡുകളുടെ ചുമതലയും ഉണ്ട്. വിശദാശം ചുവടെ.

| സെക്ഷന്റെ പേര് | ചുമതലയുള്ള വാർഡുകൾ | മറ്റ് ചുമതലകൾ |
|---|---|---|
| ബി1 | 5,7,8,9 | ജനന മരണ വിവാഹ രജിസ്ട്രേഷൻ |
| ബി2 | 4,6,14 | കുടുംബശ്രീ ,മഴക്കാല പൂർവ ശുചീകരണം , ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി . |
| ബി3 | 10,11,12,13 | മണൽ ,സ്റ്റേഷനറി,സ്റ്റോക്ക് ,ലേലം |
| ബി4 | 1,2,3 | ഫ്രണ്ട് ഓഫീസ് , ബി ഫണ്ട് ,ക്ഷേമ പെൻഷനുകൾ ,വിവാഹ ധനസഹായം |

പ്രസ്തുത ചുമതലയിൽ ഫ്രണ്ട് ഓഫീസ്,നികുതി / നികുതിയേതര വരവിനങ്ങളുടെ പരിശോധനയും പിരിവും ഉൾപ്പെടുന്നുണ്ട്. കൂടാതെ പ്രതിമാസം പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷകൾ, നമ്പറിങ്ങിനു വേണ്ടിയുള്ള അപേക്ഷകൾ, ജമമാറ്റം, പെർമിറ്റ് പുതുക്കൽ, വിവരാവകാശം,പരാതി , ക്ഷേമപെൻഷൻ അപേക്ഷകൾ എന്നിവയും വരുന്നുണ്ട് . മേൽ ചുമതലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയാസമനുഭവിക്കുന്നതിനാൽ ഫീൽഡ് തല പരിശോധന തീരെ ഇല്ല എന്നു തന്നെ പറയാം . ഫീൽഡ് തല പരിശോധന നടത്തുന്നതിന് വാർഡ് ചുമതലയുള്ള ക്ലർക്കിന് പുറമേ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ് .

നിലവിലെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 12.04.21 ലെ 36-ാം നമ്പർ പ്രകാരവും 10.11.21 ലെ 80/21 നമ്പർ പ്രകാരവും തീരുമാനിച്ചിട്ടുണ്ട് . പ്രസ്തുത തീരുമാനത്തിൽ 1 മുതൽ 15 വരെയുള്ള വാർഡുകളിലെ മുഴവൻ കെട്ടിടങ്ങളും പരിശോധിച്ച് അനധികൃത നിർമ്മാണം കണ്ടെത്തി നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മുഴവൻ കച്ചവട

സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നിലവിൽ തൊഴിൽ നികുതി ഇല്ലാത്ത സ്ഥാപനങ്ങളേയും തൊഴിൽ മേഖലകളും പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . എന്നാൽ മേൽ പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ജോലി വിഭജനം പുനക്രമീകരിക്കുകയോ ജീവനക്കാർക്ക് അധിക ചുമതല നൽകുകയോ ചെയ്തിട്ടില്ല .ആയതു കൊണ്ട് തന്നെ മേൽ പ്രകാരമുള്ള തീരുമാനം കേവലം തീരുമാനമായി തന്നെ തുടരുന്നു . പ്രസ്തുത തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടികൾ അടുത്ത യോഗത്തിൽ ചർച്ച ചെയ്തിട്ടും ഇല്ല .

മേൽ പ്രകാരമുള്ള തീരുമാനത്തിന്റെ ഭാഗമായി വാർഡിന്റെ ചുമതലയുള്ള ക്ലർക്കും കുടുംബശ്രീ പ്രവർത്തകരും വാർഡ് തലത്തിൽ സംയുക്തമായി പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 960 കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് . പ്രസ്തുത കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 60 ഓളം കെട്ടിട ഉടമകൾ അവരുടെ കെട്ടിട നിർമ്മാണം ക്രമവൽകരിച്ചിട്ടുണ്ട് .ശേഷിക്കുന്ന 900 കെട്ടിടങ്ങളുടേയും നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല. പ്രസ്തുത പരിശോധനയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം , തൊഴിൽ നികുതി ഇല്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം , തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്നതിന്റെ കൃത്യത എന്നിവ പരിശോധിച്ചതിന്റെ വിശദാംശവും ലഭ്യമല്ല .

തുടർന്ന് 07.1.22 ലെ 80/21 നമ്പർ തീരുമാനത്തിൽ നോട്ടീസ് നൽകിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളും മറ്റ് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും ഫിബ്രവരി 28 നകം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് .2021-22 വർഷാരംഭത്തിൽ കൈക്കൊണ്ട തീരുമാനത്തിന്മേലുള്ള തുടർനടപടി ഇപ്പോഴും പൂർണ്ണമാവുകയോ വരുമാനം മെച്ചപ്പെടുകയോ ചെയ്തിട്ടില്ല .

ഇതു കൂടാതെ വസ്തു നികുതി കണക്കാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്ക് താരതമ്യേന വളരെ കുറവാണ്. വസ്തു നികുതി കണക്കാക്കുന്നതിന് ച.മീറ്ററിന് ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിരക്കിലെ മിനിമം നിരക്കിനോടടുത്താണ് പഞ്ചായത്ത് നിരക്ക് നിശ്ചയിച്ചത്. ഇതും തനതു വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് .

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടതുമാണ് . തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 ഭൂനികുതി യഥാസമയം ഒടുക്കുന്നില്ല.

ബിൽ നമ്പർ 52101051/31.3.2022 പ്രകാരം 1574 രൂപ ഭൂനികുതി ഇനത്തിൽ ഒടുക്കിയതായി കാണുന്നു. 31 സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതായി കാണുന്നു. ഇതിൽ താഴെ കൊടുത്ത ഭൂമിയുടെ കരം ഒടുക്കിയിട്ടില്ല.

| ക്രമ നം. | ആധാര നമ്പർ/ വർഷം | റി സർവ്വേ നമ്പർ | വിസ്തീർണ്ണം (സെന്റിൽ ) |
|---|---|---|---|
| 1 | 765/2000 | 20/4 | 20.41 |

| | | | |
|---|---|---|---|
| 2 | 766/2000 | 177/1 | 66 |
| 3 | 764/2000 | 35/6 | 63.7 |
| 4 | 1281/1998 | 123/1 | 30 |
| 5 | 170/2020 | 96/19 | 2.2 |
| 6 | 296/2020 | 27/20 | 1.05 |
| 7 | 1221/2021 | 28/2 | 1.5 |
| 8 | 299/2022 | 106/1 | 1 |
| 9 | 309/2022 | 70/5 | 2.18 |
| 10 | 1092/2022 | 123/1 | 13.05 |

മേൽ സ്ഥലത്തിന്റെ നികുതി ഒടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 പട്ടികജാതി കുടിവെള്ള പദ്ധതി - വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ശരിയായ നടപടിയല്ല.

2021-22 വർഷത്തിൽ പട്ടികജാതി കുടിവെള്ള പദ്ധതിയിൽ 4 എണ്ണത്തിന്റെ വൈദ്യുതി ചാർജ്ജ് പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് അടവാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | എടച്ചേരിച്ചാൽ കുടിവെള്ള പദ്ധതി | 98261 |
| 2 | കുണ്ടൂത്തറ കുടിവെള്ള പദ്ധതി | 106175 |
| 3 | പെരിച്ചേരി കാവ് കുടിവെള്ള പദ്ധതി | 7306 |
| 4 | തടത്തിൽ മീത്തൽ കുടിവെള്ള പദ്ധതി | 12674 |
| | | 224416 |

ജി.ഒ. (പി) 22/2018/തസ്വഭവ. തി. 14.02.2018 ഉത്തരവിലെ ഖണ്ഡിക 7.2.12 പ്രകാരം പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് പട്ടികജാതി വികസന ഫണ്ടിൽ നിന്ന് നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ 224416 രൂപ തനത് ഫണ്ടിൽ നിന്ന് ഈ ഇനത്തിൽ തുക ചെലവഴിച്ചതിന് ശേഷം പ്ലാൻ ഫണ്ട് (എസ്.സി.എഫ്) തുക പദ്ധതി പ്രകാരം പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് റിക്കുപ്പ് ചെയ്യുകയാണ്. ഇത് ശരിയായ നടപടിയല്ല. കൂടാതെ ഇത്തരത്തിൽ 2021-22 വർഷം റീ ക്കൂപ്പ് ചെയ്തത് പദ്ധതി നമ്പർ 7/2022 പ്രകാരം 186087 രൂപ പിൻവലിച്ച് കെ.ഡി.സി. ബാങ്ക് അക്കൗണ്ട് നമ്പർ 10013120122003-ൽ 05.03.2022 ൽ ക്രെഡിറ്റ് ചെയ്തു.

തനത് ഫണ്ടിൽ നിന്ന് 224416 രൂപ ചെലവഴിച്ച്, 186087 രൂപ മാത്രമാണ് റീ ക്ലൂപ്പ് ചെയ്യത്. വ്യത്യാസമുള്ള 38329 രൂപ തനത് ഫണ്ടിൽ തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് സെക്രട്ടറിയുടെ വിശദീകരണം ആവശ്യമാണ്.

1-12 ഒരേ ആവശ്യത്തിന് രണ്ട് പ്രാവശ്യം തുക നൽകി.

ചെറുവണ്ണൂർ ഹൈസ്കൂൾ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം 61012 രൂപ കെ.എസ്.ഇ.ബി. മേപ്പയൂരിന് നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ | തുക |
|---|---|
| 22100510/25.09.2021 | 49877 |
| 22100521/25.09.2021 | 11135 |
| | 61012 |

ഫയലിൽ കെ.എസ്.ഇ.ബി. തയ്യാറാക്കിയ നൽകിയ 33154, 16723 എന്നീ തുകകളുടെ എസ്റ്റിമേറ്റ് അല്ലാതെ മറ്റൊന്നും തന്നെയില്ല. ഈ രണ്ട് തുകകളും കണക്കിലെടുത്താൽ 49877 രൂപ മാത്രമാണ് കെ.എസ്.ഇ.ബി.യ്ക്ക് അടക്കേണ്ടിയിരുന്നത്. രണ്ടാമത് അടച്ച 11135 രൂപ ലേബർ ചാർജ്ജ് ഇനത്തിൽ ഒടുക്കിയതാണെന്ന് ഓഡിറ്റിൽ വിശദീകരിച്ചെങ്കിലും അതിന് യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ 11135 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകളുടെ അഭാവത്തിൽ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-13 സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികൾ അടവാക്കിയ ഇലക്ഷൻ ഡെപ്പോസിറ്റ് സമയപരിധിക്കു ശേഷം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്ത 10 പേർക്കും മാർച്ച് മാസത്തിനുശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|---|
| 15.4.21 | 22100041 | 1000 |
| 22.4.21 | 22100060 | 1000 |
| 22.4.21 | 22100061 | 1000 |

| | | |
|---|---|---|
| 7.6.21 | 22100195 | 1000 |
| 26.7.21 | 22100319 | 1000 |
| 26.7.21 | 22100320 | 1000 |
| 26.7.21 | 22100321 | 1000 |
| 26.7.21 | 22100322 | 1000 |
| 16.8.21 | 22100397 | 1000 |
| 16.8.21 | 22100398 | 1000 |
| ആകെ | | 10000 |

അതിനാൽ മേൽ പ്രകാരം സമയപരിധി കഴിഞ്ഞ് തിരികെ നൽകിയ ഇലക്ഷൻ ഡെപ്പോസിറ്റ് തുക പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച പദ്ധതികൾ നടപ്പാക്കിയില്ല.

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ രൂപീകരിച്ച താഴെപറയും പ്രകാരമുള്ള പദ്ധതികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

| പ്രോജക്ട് നം/പേര് | അടങ്കൽ |
|---|---|
| 123/22<br>സുഭിക്ഷകേരളം -ഗ്രോബാഗ് വിതരണം<br>(സ്പിൽ ഓവർ) | 262500 |
| 41/22<br>സുഭിക്ഷകേരളം -സമഗ്രതെങ്ങുകൃഷി വികസനം തെങ്ങിന് രാസവളം സബ്സിഡി | 300000 |
| 45/22<br>ഗ്രോബാഗ് വിതരണം -വനിത | 266700 |
| 49/22<br>സുഭിക്ഷകേരളം തെങ്ങിൻതൈ വിതരണം | 150000 |

| | |
|---|---|
| 58/22<br>സുഭിക്ഷകേരളം -പച്ചക്കറികൃഷി<br>കൂലിചെലവ് സബ്സിഡി-വനിത | 100000 |
| ആകെ | 1079200 |

കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക നഷ്ടത്തിൽ നിന്നും തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ പാതയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും സ്വീകരിക്കേണ്ട നടപടികൾക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. കേരളത്തിന്റെ പുനരുജ്ജീവന പരിപാടിക്ക് തുടക്കമിടുന്നത് കാർഷികമേഖലയിലാണ്. കാർഷിക അനുബന്ധമേഖലക്ക്, പ്രത്യേകിച്ചും ഭക്ഷ്യോത്പാദനത്തിന് ഈ ഘട്ടത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഭക്ഷ്യധാന്യങ്ങൾ അത്യാവശ്യമാണെന്ന് മാത്രമല്ല, ആയതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചക്ക് വലിയ ഉത്തേജനം നൽകാനും കഴിയും. ഇതനുസരിച്ചാണ് സുഭിക്ഷകേരളം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും അതനുസരിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും വരുന്നത്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയിൽ സുഭിക്ഷകേരളവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച അഞ്ച് പദ്ധതികളിൽ നാല് എണ്ണത്തിലും ഓഡിറ്റ് വർഷം തുകചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ കാർഷിക മേഖലയ്ക്ക് മുൻതൂക്കമുള്ള ചെറുവണ്ണൂർ ഗ്രമപഞ്ചായത്തിലെ കർഷകർക്ക് കോവിഡ് പഞ്ചാത്തലത്തിൽ ലഭ്യമാക്കാൻ കഴിയുമായിരുന്ന സഹായങ്ങൾ സമയബന്ധിതമായി നൽകാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ആകെ 9 പദ്ധതികൾക്കായി 2238000 രൂപ പ്ലാൻഫണ്ട് വകയിരുത്തിയതിൽ 1241770 രൂപ മാത്രമാണ് ചെലവഴിക്കാനായി കഴിഞ്ഞത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-15 വനിതകൾക്ക് കരനെൽകൃഷി പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ്-122/22

അടങ്കൽ-400000(വികസനഫണ്ട്)

ചെലവ് -400000(ബിൽ നം- 59/18-09-21)

നിർവ്വഹണം -കൃഷി ഓഫീസർ.

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതിക്കായി ആകെ 173 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 171 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആകെ 400000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. പദ്ധതിക്കായി കർഷകർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി തെളിയിക്കുന്നതിനായി നികുതി രസീത്, പാട്ട കൃഷിക്കുള്ള സമ്മതപത്രം എന്നിവ അപേക്ഷയ്ക്കൊപ്പം അടക്കം ചെയ്തിട്ടുണ്ടെങ്കിലും കർഷകർ പ്രസ്തുത സ്ഥലത്ത് കരനെൽകൃഷി ചെയ്തിട്ടുണ്ട് എന്നത് കൃഷി ഓഫീസർ പരിശോധിച്ച് അർഹമായ ധനസഹായം എത്രയാണെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലല്ല കർഷകർക്ക് ധനസഹായം അനിവദിച്ചിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധന സഹായം -അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ:ഉ(കൈ) നം.22/2018/തസ്വഭവ തിയ്യതി 14.02.2018) ഖണ്ഡിക 6.1 കുറിപ്പ് 1 പ്രകാരം പാട്ടകൃഷി ചെയ്യുന്നതിന് സ്ഥല ഉടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ധനസഹായം അനുവദിക്കേണ്ടത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 വനിതാഘടക പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ.

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 45/22 ഗ്രോബാഗ് വിതരണം വനിത | 266700 | -- |
| 2 | 58/22 സുഭിക്ഷകേരളം -പച്ചക്കറികൃഷി കൂലിചെലവ് സബ്സിഡി-വനിത | 150000 | -- |
| 3 | 122/22 സുഭിക്ഷകേരളം -വനിതകൾക്ക് കരനെൽകൃഷി | 400000 | 400000 |
| 4 | 77/22 വാട്ടർടാങ്ക് വിതരണം -എസ്സ്.സി വനിത | 400000 | 390320 |
| 5 | 79/22 മെച്ചപ്പെട്ട വിറകടുപ്പ് -എസ്സ്.സി | 400000 | 395760 |

സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പാദനാ ധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി -സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്,സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. എന്നാൽ ഓഡിറ്റ് വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ രൂപീകരിക്കുകയും നിർവ്വഹിക്കുകയും ചെയ്തിട്ടുള്ള മേൽ പദ്ധതികളൊന്നും തന്നെ പദ്ധതി മർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുന്ന തരത്തിലുള്ളവയല്ല. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടക പദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുകയും ചെയ്യുക എന്നത് നിർവ്വഹിക്കേണ്ടത് ജെന്റർ റിസോഴ്സ് സെന്ററുകളാണ്. തദ്ദേശ ഭരണ സ്ഥാപനവും അവയുടെ എല്ലാ ഘടക സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിനും പൊതു ഇടങ്ങളിലെ സ്ത്രീസുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താവുന്നതുമാണ്. തുടർ വർഷങ്ങളിലെ വനിതാ ഘടകപദ്ധതികളുടെ രൂപീകരണ, നിർവ്വഹണത്തിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ ലഭിച്ചില്ല.

പ്രോജക്റ്റ് നം-181

അടങ്കൽ -1000241

ചെലവ് -134537

ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. പദ്ധതി പ്രകാരം 41990രൂപ വിലയുള്ള ഏസർ ലാപ്പ് ടോപ്പ് എസ് എം സോഫ്റ്റ് കംമ്പ്യൂട്ടേഴ്സിൽ നിന്നും 23-3-22ലെ ഇൻവോയ്സ് നം HO-16347/21-22 പ്രകാരം ലഭിച്ചത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇത് കൂടാതെ കെൽട്രോണിന്റെ 24-3-2022 ലെ പെർഫോർമാ ഇൻവോയ്സ് നം-TVM/ITBG/PI/RC/36891/20-21 പ്രകാരം ഒരു ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 39797രൂപ, 18-02-2022ലെ പെർഫോർമാ ഇൻവോയ്സ് നം-TVM/ITBG/PI/RC/35257/20-21 പ്രകാരം ഒരു മോണോക്രോം ലേസർ പ്രിന്ററിന്റെ വിലയായി 12953 രൂപ, 19-02-22 ലെ TVM/ITBG/PI/RC/35310 /20-21 പ്രകാരം ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 39797രൂപ എന്നിങ്ങനെ കേരളാ സ്റ്റേറ്റ് ഐ.ടി മിഷന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കെൽട്രോണിൽ നിന്നും മേൽ ഉപകരണങ്ങൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭിക്കാനവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 92547 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

1-18 ഗ്രാമപഞ്ചായത്ത് ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പിലാക്കി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പിലാക്കിയ പ്രോജക്റ്റ് നം-152/22 ചെറുവണ്ണൂർ ഹൈസ്കൂൾ വഴിയിലെ ഇലക്ട്രിസിറ്റിപോസ്റ്റ് മാറ്റി സ്ഥാപിക്കലാണ്. ഇതിനായി കെ.എസ്.ഇ.ബിക്ക് തനത് ഫണ്ടിൽ നിന്നും 61013 രൂപ അടവാക്കിയത് പദ്ധതി പ്രകാരം പൊതുവിഭാഗം സാധാരണ വിഹിതം ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ട്. ഹൈസ്കൂളുകളുടെ നടത്തിപ്പും അടിസ്ഥാന സൗകര്യവികസനവും ജില്ലാപഞ്ചായത്ത് ചുമതലയിൽ വരുന്നതാകയാൽ ഗ്രാമപഞ്ചായത്ത് പദ്ധതി പ്രകാരം മേൽ ആവശ്യത്തിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-19 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി- മരുന്നുകൾ മുഴുവനായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 100000 രൂപ പെർഫോർമാ ഇൻവോയ്സ് നം-PRF-1624 തിയ്യതി 11-08-21 പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. നാളിതുവരെയായും 67746 രൂപയുടെ മരുന്നുകളെ കെ.എം.എസ്സ്.സി.എൽ പദ്ധതിക്കായി പിഎച്ച്സിക്ക് നൽകിയിട്ടുള്ളൂ. അവശേഷിക്കുന്ന 32254 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭിക്കാനവശേഷിക്കുന്ന മരുന്നിന്റെ വിലയായ 32254 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങൽ പദ്ധതി -നാളിതുവരെയായും മോട്ടോർ സ്ഥാപിച്ചില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങുന്നതിനായി താഴെപറയുംപ്രകാരം പദ്ധതികൾ രൂപീകരിച്ച് തുകചെലവഴിച്ചിട്ടുണ്ട് .

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | വാങ്ങിയ സാധനങ്ങൾ | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 117/22 | പൂളക്കുൽ രയരോത്ത് കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ ടാങ്ക് വാങ്ങൽ പദ്ധതി | 10 എച്ച്.പി കിർലോസ്കർ സബ്മേഴ്സിബിൾ മോട്ടോർ | 61792 (ബിൽ നം-189, 27-01-22) |
| 115/22 | കല്ലിൽമീത്തൽ കോളനി കുടിവെള്ളപദ്ധതി മോട്ടോർ ടാങ്ക് വാങ്ങൽ | 10 എച്ച്.പി കിർലോസ്കർ സബ്മേഴ്സിബിൾ മോട്ടോർ. 5000-ലിറ്റർ വാട്ടർ ടാങ്ക്(രണ്ട് എണ്ണം) | 139392 (ബിൽനം-232, 22-02-22) |

രണ്ട് പദ്ധതികൾക്കായും മോട്ടോർ വാങ്ങിയിരിക്കുന്നത് ടെണ്ടർ നടപടികളിലൂടെ ഡ്രീം ഹോം ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നാണ്(ഇൻവോയ്സ് നം-478/24-11-21 -61792/- രൂപ, ഇൻവോയ്സ് നം- 477/24-11-21- 100592/-രൂപ,ഇൻവോയ്സ് നം-483/4-02-22 – 38800/- രൂപ). മോട്ടോറുകൾ വാങ്ങി ഒരു വർഷം കഴിഞ്ഞെങ്കിലും നാളിതുവരെയായും കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ചിട്ടില്ല. രണ്ട് മോട്ടോറുകളും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിശദീകരണം പദ്ധതിക്കാവശ്യമായ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്താത്തതിനാലാണ് മോട്ടോറുകൾ സ്ഥാപിക്കാൻ കഴിയാഞ്ഞത് എന്നാണ്. ഇതിൽ നിന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മുൻപ് തന്നെ മോട്ടാർ വാങ്ങുന്നതിനായി മാത്രം പദ്ധതി തയ്യാറാക്കി നടപ്പാക്കിയത് പദ്ധതിക്കായി വകയിരുത്തിയ എസ്സ്.സി.പി ഫണ്ട് ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെയാണെന്ന് വ്യക്തമാകുന്നു. മോട്ടോറുകൾ സ്ഥാപിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാകാതെ വരികയും മോട്ടോറുകളുടെ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞുപോകുന്നതിനിടയാകുകയും ചെയ്യുന്നു. അടിയന്തിരമായി കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക 201184രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കല്ലിൽ മീത്തൽ കുടിവെള്ള പദ്ധതി കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല .

തൻവർഷം കല്ലിൽ മീത്തൽ കോളനി കുടിവെള്ള പദ്ധതിക്കു വേണ്ടി കിണർ നിർമ്മിക്കുന്നതിനായി പ്രോജക്ട് നമ്പർ 132/22 പ്രകാരം വികസനഫണ്ട് എസ്.സി.പി യിൽ നിന്ന് 100000/- രൂപയും ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് 66405/-രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളായ കിണർ നിർമ്മാണം, തേപ്പ്, ഗ്രില്ലിടൽ എന്നിവയാണ് നിർവ്വഹിച്ചിട്ടുള്ളത്. കുടിവെള്ള പദ്ധതിക്കു വേണ്ടിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിക്കുന്നതിനായി പ്രോജക്ട് നമ്പർ 133/22 പ്രകാരം വീടുകളിലേക്ക് പൈപ്പ് കണക്ഷൻ നൽകൽ പ്രവൃത്തി നിർവ്വഹിക്കുകയും ഇതിനായി 497653/-വികസന ഫണ്ട് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിക്കു വേണ്ടി മോട്ടോറും, ടാങ്കും വാങ്ങുന്നതിനായി പ്രേജക്ട് നം-115/22ആയി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം മറ്റൊരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ നടത്തിയതു പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഡ്രീം -ഹോം ഫർണീച്ചറിൽ നിന്നും (Submerssible) 10 HP മോട്ടോറും 5000 ലിറ്ററിന്റെ 2 വാട്ടർ ടാങ്കിനുമായി 139392 രൂപ എസ്.സി.പി.യിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 19.12.22 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോ ധനയിൽ 50000 ലിറ്ററിന്റെ ഒരു ടാങ്ക് കരിങ്ങാട്ടുമ്മൽ കുമാരൻ എന്നയാളുടെ വീട്ട് പരിസരത്ത് ഫിറ്റ് ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. രണ്ടാമത്തെ ടാങ്ക് പഞ്ചായത്തിന് സമീപത്തെ കാർഷിക കർമ്മസേനാ കോമ്പൗണ്ടിലും പദ്ധതിക്കായി വാങ്ങിയ മോട്ടോർ പഞ്ചായത്തിലും സൂക്ഷിച്ചിരിക്കുകയാണ് .

മേൽ കുടിവെള്ള പദ്ധതികൾക്കായി തൻവർഷം 3 പദ്ധതികൾ (ആകെ ചെലവ് 803450 (166405+

497653+ 139392 )ആവിഷ്കരിച്ചിട്ടുണ്ട്. എന്നിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. മേൽ ചെലവുകൾ കൂടാതെ വരും വർഷങ്ങളിൽ ഇതേ പദ്ധതിക്കുവേണ്ടി 500000 രൂപ വകയിരുത്തിയിട്ടുമുണ്ട് .

സ.ഉ. (കൈ ) നം 11/2018 ത.സ്വ.ഭ.വ ,തി 29.01.18 ഖ 2.3(7)പ്രകാരം ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിൽ ഉള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് മേൽ പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-22 വാല്യുവേഷൻ പൂർത്തിയായിട്ടും ലേലം നടപടി പൂർത്തിയായിട്ടില്ല.

ആയുർവ്വേദ ആശുപത്രി കെട്ടിടത്തിനു ഭീഷണിയായ 3 മരുത് മരങ്ങളും കോളനി നിവാസികളുടെ പരാതിയെ തുടർന്ന് തട്ടാം കണ്ടി കോളനിയിലെ 3 ഉപ്പൂത്തി മരവും ഒരു മാവും ഒരു പൂമരവും മുറിച്ചുമാറ്റിയിരുന്നു .മുറിച്ച് മാറ്റിയ മരങ്ങളുടെ വില നിർണ്ണയിച്ച് തരുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം വില നിർണ്ണയിച്ചിട്ടുണ്ട് .

| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും വില നിർണ്ണയിച്ച് നൽകിയ കത്ത് | മരത്തിന്റെ ഇനം | തടിയുടെ വ്യാപ്തം | തടിയുടെ സർക്കാർ വില | തടിയുടെ വില |
|---|---|---|---|---|
| 10.08.21 ലെ E-1241/21 | ഉപ്പൂത്തി | 1.394 | 11550 | 16101 |
| " | ഉപ്പൂത്തി | .735 | 11550 | 8489 |
| " | ഉപ്പൂത്തി | .390 | 11550 | 4505 |
| " | മാവ് | .224 | 4820 | 1080 |
| " | പൂമരം | 1.08 | 1650 | 1782 |
| 18.11.21 ലെ E-2034/21 | മരുത് | .421 | 9490 | 3995 |
| " | മരുത് | .600 | 9490 | 5694 |
| " | മരുത് | .287 | 9490 | 2724 |
| ആകെ വില | | | | 44370 |

ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യേഷൻ ലഭിക്കുന്ന മുറക്ക് ലേലം ചെയ്യുന്നതിന് ഭരണസമിതി 13.07.21 ലെ 15/1-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ , ലേലം ചെയ്യുന്നതിനുള്ള നോട്ടീസ് പുറപ്പെടുവിച്ചത് 07.07.22 നാണ് 2021 ആഗസ്റ്റ്, നവംബർ മാസങ്ങളിൽ

വാല്യുവേഷൻ നടപടികൾ പൂർത്തിയായിട്ടും ലേല നോട്ടീസ് പുറപ്പെടുവിച്ചത് 2022 ജൂലൈ മാസത്തിലാണ്. ലേല നടപടികൾ കൈക്കൊള്ളുന്നതിനുണ്ടായ കാലതാമസത്തിന് വിശദീകരണം നൽകേണ്ടതും ലേലം നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-23 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ അനുവദിച്ച അഡ്വാൻസ് തുകകൾ ഇനിയും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം അഡ്വാൻസ് ആയി അനുവദിച്ച തുകകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I. " ഗുണഭോക്തൃകമ്മറ്റികൾക്കു " വേണ്ടി 2018-19 വർഷം മുതൽ നൽകിയ അഡ്വാൻസ് ഇനിയും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

Ii." നിർവ്വഹണോദ്യോഗസ്ഥർക്ക് “ 2019-20 വർഷം നൽകിയ 51186/-രൂപയുടെ അഡ്വാൻസ് ഇനിയും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

Iii. " അഡ്വാൻസ് ടു അതേർസ് " എന്ന ശീർഷകത്തിൽ 2018-19 വർഷം മുതൽ നൽകിയ 801950/-രൂപ ഉൾപ്പടെ 1644686/- രൂപ നിലവിലും അഡ്ജസ്റ്റ് ചെയ്തിട്ടില്ല .

Iv. തൻവർഷം " അതർ അഡ്വാൻസ് " എന്ന ശീർഷകത്തിൽ നൽകിയ 41606/-രൂപ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നുണ്ട് .

അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-24 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

**1.)എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല .**

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 51 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽ നികതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 2021-22സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ&ഓ.എസ് ലൈസൻസ് അപേക്ഷകൾ, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനം / തൊഴിലുടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 12/22 | പെർഫെക്ട് ഫർണി പാലസ്, പോക്കർ.എൻ. | 4 |
| 2 | 13/138 A,B,C | ക്വാളിറ്റി ഹോളോബ്രിക്സ് & ഇന്റർലോക്ക്, ബുഷറ ഇസ്മയിൽ | 3 |
| 3 | 13/138 D | ക്വാളിറ്റി ബൈക്ക് ഇൻ കെയർ, സവാദ് സി.കെ. | 3 |
| 4 | 13/17 | ക്വാളിറ്റി ഫ്ലോർമിൽ, സവാദ് സി.കെ. | 1 |
| 5 | 10/125 | ക്വാളിറ്റി ബ്യൂട്ടിസെന്റർ, സവാദ്സി.കെ. | 1 |
| 6 | 9/226 B,C,D,F | റാസെ ഫുഡ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ബാബു എം. | 3 |
| 7 | 10/80 A | ക്രസന്റ് കെയർ ഹോം,കുഞ്ഞബ്ദുള്ള വി. | 12 |
| 8 | 9/226 A | കനോത്ത് പവർ ബ്രിക്സ്, കുഞ്ഞബ്ദുള്ള | 3 |
| 9 | 8/300 A,B | ഒയാസീസ് ഏജൻസീസ്, മുഹമ്മദ് ഒ. | 4 |
| 10 | 8/104 K | ഒയാസീസ് ഏജൻസീസ്, വിപിൻ ശ്യാം. എൽ.കെ. | 2 |

| | | | |
|---|---|---|---|
| 11 | 12/422 V,W,X | ഡെന്റൽ ക്ലിനിക്ക്, രാഹുൽ അരവിന്ദ് | 2 |
| 12 | 13/179 | ഹയാത്തി ട്രേഡിംഗ്, അബ്ദുൾ നാസർ | 4 |
| 13 | 13/179 A-B | ലൈവ് മാർട്ട്, അബ്ദുൾ നാസർ | 4 |
| 14 | 7/417,417A | സുഭിക്ഷ പ്രൊഡ്യൂസർ കമ്പനി, സി.ഇ.ഒ. | 6 |

തൊഴിലാളികളുടെ വരുമാനം സബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ തൊഴിൽ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

2.) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ആർജിക്കുന്ന എല്ലാ കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ട് വന്നിട്ടില്ല .

വാടക വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളുടെ വരുമാനം കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെയും, തൊഴിലാളികളെയും, വരുമാനദായകരെയും കണ്ടെത്താനുള്ള നടപടികൾ പഞ്ചായത്തിൽ പാലിക്കാത്തതുകൊണ്ട് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

3.) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | ശ്രീ.ചന്ദ്രൻ എം.സി | തെയ്യറോത്ത് താഴ, കാരയാട് |
| 2 | ശ്രീ. കുഞ്ഞമ്മദ് ഇ.എം. | പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ |
| 3 | ശ്രീ. ഗഫൂർ ടി. | |
| 4 | ശ്രീ. ശ്രീനാഥ് എം.സി. | വിഷ്ണുപ്രഭ |
| 5 | ശ്രീ. മുജീബ് പി.പി. | പന്തപ്പിലാക്കൽ, ചെറുവണ്ണൂർ |
| 6 | ശ്രീ.അഷറഫ് കെ.കെ | കോമക്കാട്ട്, ചക്കിട്ടപാറ |
| 7 | അരിക്കുളം എൽ.സി.സി.എസ് ലിമിറ്റഡ് | കൽപ്പത്തൂർ |
| 8 | ശ്രീ.രഞ്ജിത്ത് ടി.എം | തവരാത്ത് മീത്തൽ, ചെറുവണ്ണൂർ |
| 9 | ശ്രീ. വി.എം. ഷാജു | |

| | | |
|---|---|---|
| 10 | ശ്രീ. സ്വേതിൻ ടി. അശോക് | |
| 11 | ശ്രീ. ശ്രീജിത്ത് പി.കെ | പന്നിവയൽ, കാവിലുമ്പാറ |
| 12 | ശ്രീ. ശശി ടി. | |
| 13 | ശ്രീ. നൗഷാദ് കെ.കെ. | |
| 14 | ശ്രീ. സാജു വി.കെ | വെള്ളയോടൻകണ്ടി. പേരാമ്പ്ര |
| 15 | ശ്രീ. മുഹമ്മദ് | |

കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(4) ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ താഴെ പറയുന്ന എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് | രജിസ്റ്റർ നമ്പർ |
|---|---|---|
| 1. | ശ്രീ.ബിനൂപ് കുമാർ.എ | ഇ/2050/08/20461/ കെ.കെ.ഡി/274/ 2021/എസ്.എ |
| 2. | ശ്രീ.രജീഷ് കുമാർ.കെ. കോവുമ്മൽ, കായണ്ണ | ഇ/2050/08/19789/കെ.കെ.ഡി /95/2021/എസ്.എ |
| 3. | ശ്രീ.വേലായുധൻ.കെ.എം. കിഴക്കയിൽ മീത്തൽ, എരവട്ടൂർ | ഇ/2050/08/22043 /കെ.കെ.ഡി/525/2021 /എസ്.ബി. |
| 4. | ശ്രീ. അഖിൽ.വി.വി, വടേക്കര (വീട്) വെള്ളയോട്ടുമ്മൽ, എരവട്ടൂർ | ഇ/2050/08/12199/കെ.കെ.ഡി /289/2018/എസ്.ബി |
| 5. | ശ്രീ.സബീബ് ഹസ്സൻ. നൂർമഹൽ, ചെറുവണ്ണൂർ. തിരുവള്ളൂർ.പി.ഒ | ഇ/2050/4782/കെ.കെ.ഡി/ 37/2013/ഇ.എ |
| 6. | ശ്രീ.ഷകേഷ്.എം.വി. മരാംവീട്ടിൽ, പുതുപ്പണം | ഇ/2050/08/23001/ കെ.കെ.ഡി/149/2020/എസ്.എ |

| | | |
|---|---|---|
| 7. | ശ്രീ.ഷംസുദ്ദീൻ.എം, മുയിപ്പോത്ത് | ഇ/2050/08/18449/ കെ.കെ.ഡി/ 247/202 /എസ്.എ. |
| 8. | ശ്രീ. മുഹമ്മദ് അർഷാദ്. ടി.കെ. തൈക്കണ്ടി, ആവള | ഇ/2050/08/13779/കെ.കെ.ഡി /825/2018/ എസ്.ബി. |
| 9. | ശ്രീമതി. അഖില കെ.കെ. കിഴക്കേ വലയിൽതാഴെ | ഇ/2050/05/19995/ കെ.കെ.ഡി/38/2021/എസ്.ബി. |
| 10. | ശ്രീ. മുജീബ് | ബി/1632/08/10961 |
| 11. | ശ്രീ. സുധീരൻ കെ.എം. രമ്യ നിവാസ്, ചാനിയംകടവ് | ഇ/2050/08/8112/ കെ.കെ.ഡി/ 177/2015/ എസ്.എ. |

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(5) ഫീൽഡ് പരിശോധന നടത്തി തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല .

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1692 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 567 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി 313 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 12 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 1113 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ ബാക്കി കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കാത്തതിനാൽ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ്, തൊഴിൽ നികുതി പരിധിയിൽ കൊണ്ടു വരേണ്ടതാണ് . മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം-12/21-22 തിയ്യതി 21.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും ഒരേ ഉപയോഗത്തിന് (വാണിജ്യാവശ്യത്തിന്) ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. താഴെ ചേർത്തിരിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച വർഷം 2021 രണ്ടാം അർദ്ധവർഷം മുതലാണ്.

| കെട്ടിട നം | പേര്, വിലാസം | ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 13/441A | മുഹമ്മദ് ഫൈസൽ നെല്ലിയോട്ട് പൊയിൽ, മുയിപ്പോത്ത്. | 16.97 ച.മീ വാണിജ്യം | 544+ 28 (5% LC) = 572 |
| 13/441B | | 16.97 ച.മീ വാണിജ്യം | 544+ 28 (5% LC) = 572 |

| | | | |
|---|---|---|---|
| 13/441C | | 97.5ച.മീ വാണിജ്യം | 3120 + 156 (5% LC) = 3276 |
| 13/441D | | 5.04ച.മീ വാണിജ്യം | 162+ 9 (5% LC) = 171 |
| | ആകെ | 136.48ച.മീ വാണിജ്യം | 4370 + 221 (5% LC) = 4591 |

യഥാർത്ഥത്തിൽ കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 136.48 ച.മീ

136.48 X 50 = 6824 - (20% വഴിസൗകര്യം ഇളവ്),
6824-1365= 5459

5459 + 273 (5% LC) = 5732

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ
ഈടാക്കേണ്ട വാർഷിക വസ്തുനികുതി - 5732

ഈടാക്കിയ നികുതി - 4591

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം= 1141

ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിലെ റൂമുകൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി കണക്കാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഫോറം 6 പ്രകാരം വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക, നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തിലുണ്ടായ നഷ്ടം 1141/2 =571 (542 BT + 29 LC).

## 1-26 പഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് ലേലം ചെയ്യാതെ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് (സെക്ഷൻ 221 മുതൽ 224 വരെ) -പൊതുമാർക്കറ്റുകളും സ്വകാര്യമാർക്കറ്റുകളും, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധന കൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് പൊതുമാർക്കറ്റുകളും സ്വകാര്യമാർക്കറ്റുകളും പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു.

ചെറുവണ്ണൂർ ടൗണിൽ മത്സ്യ മാർക്കറ്റിനും, വെജിറ്റബിൾ മാർക്കറ്റിനുമായി 11/01/2012 ൽ 2,12,500 രൂപ ചെലവഴിച്ച് പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം 2014 ൽ

ഉദ്ഘാടനം കഴിഞ്ഞെങ്കിലും കെട്ടിടം നാളിതുവരെയും പൊതുമാർക്കറ്റിന് വേണ്ടി ലേലം ചെയ്തു നൽകിയിട്ടില്ല. സ്ഥല പരിശോധനയിൽ കെട്ടിടത്തിൽ താഴെ നിലയിൽ മത്സ്യകച്ചവടം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടു, വെജിറ്റബിൾ മാർക്കറ്റിനു വേണ്ടി നിർമിച്ച മുകളിലത്തെ നില ഒഴിഞ്ഞ് കിടക്കുകയാണ്, ഇവിടേക്കുള്ള കോണിപ്പടി ഗ്രിൽ ഉപയോഗിച്ച് അടച്ചിടാത്തതിനാൽ കെട്ടിടത്തിൽ അനധികൃതമായി കടന്നുകയറാൻ സാധ്യത നിലനിൽക്കുന്നു, കെട്ടിടം നാളിതുവരെയും വൈദ്യുതീകരിച്ചിട്ടില്ല. പൊതുമാർക്കറ്റിന് വേണ്ടി ലേലം ചെയ്തു നൽകിയിട്ടില്ലാത്ത റൂമുകളിൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി കച്ചവടം നടത്തുന്നതിന് എതിരെ നാളിതുവരെയും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഇത് മൂലം പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം നഷ്ടപ്പെടുന്നു.

അടിയന്തിര പ്രാധാന്യത്തോടെ മേൽ വിഷയത്തിൽ തീരുമാനം എടുത്ത് കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് ലേലം ചെയ്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും ഒരേ ഉപയോഗത്തിന് (വാണിജ്യാവശ്യത്തിന്) ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. താഴെ ചേർത്തിരിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച വർഷം 2021 രണ്ടാം അർദ്ധവർഷം മുതലാണ്.

| കെട്ടിട നം | പേര്, വിലാസം | ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 13/441A | മുഹമ്മദ് ഫൈസൽ നെല്ലിയോട്ട് പൊയിൽ, | 16.97 ച.മീ വാണിജ്യം | 544+ 28 (5% LC) = 572 |

| | | | |
|---|---|---|---|
| 13/441B | മുയിപ്പോത്ത്. | 16.97 ച.മീ വാണിജ്യം | 544+ 28 (5% LC) = 572 |
| 13/441C | | 97.5ച.മീ വാണിജ്യം | 3120 + 156 (5% LC) = 3276 |
| 13/441D | | 5.04ച.മീ വാണിജ്യം | 162+ 9 (5% LC) = 171 |
| | ആകെ | 136.48ച.മീ വാണിജ്യം | 4370 + 221 (5% LC) = 4591 |

യഥാർത്ഥത്തിൽ കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 136.48 ച.മീ

136.48 X 50 = 6824 - (20% വഴിസൗകര്യം ഇളവ്),
6824-1365= 5459

5459 + 273 (5% LC) = 5732

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ
ഈടാക്കേണ്ട വാർഷിക വസ്തുനികുതി - 5732

ഈടാക്കിയ നികുതി - 4591

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം= 1141

ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിലെ റൂമുകൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി കണക്കാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഫോറം 6 പ്രകാരം വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടത്തിന്റെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക, നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തിലുണ്ടായ നഷ്ടം 1141/2 =571 (542 BT + 29 LC).

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് |
|---|---|---|

| | തീയതി | നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 375000 | നെൽകൃഷി കൂലിച്ചെലവ് വിത്ത് വിതരണം | | 375000 |
| | | 60000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | | 60000 |
| | | 300000 | മിൽക്ക് ഇൻസന്റീവ് | | 300000 |
| | | 138000 | മിൽക്ക് ഇൻസന്റീവ് | | 138000 |
| | | | ആകെ | | 873000 |
| ജില്ല പഞ്ചായത്ത് | 2021-22 | 414000 | നെൽകൃഷി കൂലിച്ചെലവ് വിത്ത് വിതരണം | | 414000 |
| | | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | | 300000 |
| | | 135000 | പശുഗ്രാമം | | 135000 |
| | | 450000 | മിൽക്ക് ഇൻസന്റീവ് | | 450000 |
| | | | ആകെ | | 1299000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | 5213213 | 505999 | 0 | 4707214 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | ലഭ്യമല്ല | 10,000 | നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| ആകെ | | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | അടവാക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | അടവാക്കിയ രശീതി നമ്പർ /തിയ്യതി |
|---|---|---|---|---|
| 1997-98 | 24 | 250 | അഗ്രികൾച്ചറൽ ഓഫീസർ | 121010104191 തി21.01.2022 |
| 1999-2000 | 34 | 1642 | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 121010104202 തി21.01.2022 |
| 2005-06 | 2(2) | 23 | സെക്രട്ടറി,ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 121010104235 തി21.01.2022 |
| 2005-06 | 2(5) | 900 | ഹെഡ് മാസ്റ്റർ | 121010104236 തി21.01.2022 |
| 2005-06 | 2(6) | 180 | സെക്രട്ടറി,ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 121010104237 തി21.01.2022 |
| 2005-06 | 2(7) | 250 | സെക്രട്ടറി,ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 121010104238 തി21.01.2022 |
| 2015-16 | 3(21) | 1200 | ശ്രീ.ആർ.ഗോപിനാഥൻ, എൽ.ഡി.സി. | 121010104469 തി01.02.2022 |
| ആകെ | | 4445 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2004-05 | 11.1.3.13 | നികുതി പിരിവിൽ അലംഭാവം | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് അഴുക്കുചാൽ | |
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | |
| 2000-01 | | 2004-05 | 11.1.3.45 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 5 | 2004-05 | 11.1.4.5 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2000-01 | | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| | | 2011-12 | 3.2.10 | റോഡ് ചെയിഞ്ചേജ് രേഖപ്പെടുത്തൽ | നിയമസഭാ സമിതി പരിഗണി ക്കാനിരിക്കുന്നു |
| | | 2014-15 അവലോകനം | 4-2-2 | മണൽ | |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണി ക്കാനിരിക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ച | |
| 2019-20 | 1-17 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) പേയ് മെന്റ് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,47,16,852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,07,27,479 |
| വരവിനങ്ങളിലുള്ള നഷ്ടം | 571 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,37,120 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ട തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർച്ചാർജ്ജ് | |
| 1-25 | 571 | | ശ്രീ.വിനോദ്കുമാർ.ടി.എം സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 11135 | ശ്രീ.വിനോദ്കുമാർ.ടി.എം,സെക്രട്ടറി |

| | | |
|---|---|---|
| 1-15 | 400000 | ശ്രീ. അമൽ.എസ്.ഡി., കൃഷി ഓഫീസർ |
| 1-17 | 92547 | ശ്രീ.വിനോദ്കുമാർ.ടി.എം,സെക്രട്ടറി |
| 1-19 | 32254 | ഡോ. മുഹമ്മദ് കമറുദ്ദീൻ |
| 1-20 | 201184 | ശ്രീ.വിനോദ്കുമാർ.ടി.എം,സെക്രട്ടറി |
| ആകെ | 737120 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഇനം | തുക |
|---|---|
| LC (ലൈബ്രറിസെസ്സ്) | 29 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ്കുമാർ.ടി.എം. സെക്രട്ടറി | സെക്രട്ടറി, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സായിശ്രീ, വെള്ളക്കോട്ട് പറമ്പ്, കോഴിക്കോട് |
| ശ്രീ. അമൽ.എസ്.ഡി, കൃഷി ഓഫീസർ | കൃഷി ഓഫീസർ | കോട്ടച്ചാലിൽ , മുയിപ്പോത്ത്, 673524 |
| ഡോ. മുഹമ്മദ് കമറുദ്ദീൻ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചെറുവണ്ണൂർ | അഴിക്കൂർ , കീഴൽ.പി.ഒ, വടകര – 673526 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1996-97 | കെ.എസ്.എ കെ.കെ.ഡി. പി9/1028/ 2020(1) തി.12.01.2021 | 12 | 19, 20, 21, 22, 23,25, 26, 27, 28, 29, 30, 32 |
| 1997-98 | കെ.എസ്.എ കെ.കെ.ഡി. പി9/1028/ 2020(2) തി.12.01.2021 | 1 | 10 |
| 1998-99 | കെ.എസ്.എ കെ.കെ.ഡി പി9/1028/ 2020(3) തി.12.01.2021 | 7 | 14, 15, 16, 22, 23,25, 28 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/ 2020(4) തി.12.01.2021 | 10 | 26, 27, 28, 31, 32, 35, 36, 38, 39, 40 അനുബന്ധം -1 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി. പി9/1028/ 2020(5) തി.12.01.2021 | 1 | 3-6(2) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/ 2020(7) തി.12.01.2021 | 8 | 2-3, 2-7, 2-11, 2-15, 2-22, 2-24, 2-25, 2-26 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/2020(8) തി.12.01.2021 | 4 | 3-1, 3-6, 3-7, 3-11 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/ 2020(9) തി.12.01.2021 | 3 | 3-5, 3-8, 3-11 |
| 2005-06 | എൽ.എഫ്.പി4/1218/08 തി.5.01.2009 | 19 | 2-1, 2-2, 2-3, 2-4,2-5, 2-6, 2-7, 3-1,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12 |
| 2006-07 | എൽ.എഫ്.പി4/746/12 തി.11.06.2012 | 20 | 1-5, 1-7, 2-2, 3-1,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11,3-12, 3-13, 3-14,3-15, 3-18, 3-19,3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി4/114/15 തി.31.03.2015 | 20 | 2-1, 2-2, 2-3, 2-4, 2-5, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-13, 3-16,3-18, 3-19, 3-20, 3-21, 3-22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി4/749/12 തി.25.07.2012 | 14 | 2-2, 3-1, 3-2, 3-6, 3-7(1), 3-11, 3-13,3-15, 3-16, 3-17, 3-19, 3-20, 3-21 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി4/749/12 തി. 30.07.2012 | 30 | 1-1 മുതൽ 1-6 വരെ, 2-1 മുതൽ 2-7 വരെ,3-1, 3-1(2),3-6, 3-8, |

| | | | |
|---|---|---|---|
| | | | 3-9,3-10,3-11, 3-12, 3-13, 3-14,3-15, 3-18, 3-19, 3-20, 3-22, 3-23,4-3, 4-7 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി. പി4/11/13 തി.21.08.2013 | 22 | 1-1, 2-3, 2-4, 3-1 മുതൽ 3-17 വരെ,3-20, 3-21 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി4/906/2017 തി.08.05.2017 | 22 | 1-2, 1-3, 2-1 മുതൽ2-4 വരെ, 3-1, 3-2, 3-4, 3-5, 3-7, 3-9,3-10, 3-11, 3-12,3-13, 3-14, 3-15,4-1,4-2, 4-4 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി4/1209/2017 തി.16.05.2017 | 22 | 1-3, 2-1, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17,3-18, 3-19, 3-20, 3-21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/2075/2016 തി.30.11.2016 | 23 | 2-1 മുതൽ 2-5വരെ, 3-1, 3-2, 3-5മുതൽ 3-21 വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി4/38/2018 തി.28.02.2018 | 18 | 2-1, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10,3-1, 3-2, 3-5, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി4/843/2019 തീയതി : 26.07.2019 | 33 | 1-12(2), 1-12(3),1-12(4), 1-12(5), 1-12(6), 1-12(8),1-12(9), 1-12(10),1-12(11), 2-2, 2-3,2-4, 2-5,3-1,3-2, 3-3, 3-6,3-8, 3-9,3-10,3-11, 3-13,3-14, 3-15(1),3-15(3),3-17,3-18, 3-19,3-20, 3-21, 4-3 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി. പി9/1042/2020 തി.4.12.2020 | 6 | 1-11, 1-13, 1-14,1-16,1-17, 1-20 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി. പി5/269/2021 തി.11.04.2022 | 13 | 1-1, 1-5, 1-11(1,2,3),1-12,1-14, 1-16, 1-17, 1-19,1-25, 1-26, 1-29 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി5/825/2022 തി.12.05.2022 | 35 | 1-1,1-2,1-3,1-4,1-5,1-6,1-7, 1-8,1-9,1-10, 1-11,1-12, 1-13,1-14,1-15,1-16,1-17,1-18, 1-19,1-20,1-21,1-22,1-23, 1-24,1-25,1-26,1-27, 1-28,1-29,1-30,1-31, 1-32,1-33,1-34,1-35 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്